**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2280** **21-01-2021 - ൽ മറുപടിയ്ക്ക്**

**വൻകിട പദ്ധതികൾക്കായുള്ള മൂലധനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോർജ് എം .തോമസ് | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
| (എ) | വ്യവസായം, പശ്ചാത്തല സൗകര്യ വികസനം ഉൾപ്പെടെയുള്ള വൻകിട പദ്ധതികൾക്കായുള്ള മൂലധനം എങ്ങനെ സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ? | (എ) | 2021-22 ലെ ബജറ്റിൽ മൂലധന ചെലവിനത്തിൽ 14141.21 കോടിരൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തിന്റെ വികസനത്തിന് ബജറ്റിലൂടെയുള്ള വിഭവസമാഹരണം അപര്യാപ്തമാണ് എന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ ഒട്ടേറെ നൂതനങ്ങളായ നടപടികൾ കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ധനകാര്യ സ്ഥാപനങ്ങൾക്ക് പ്രധാനമായും കിഫ്ബിക്കും കേരള ബാങ്കിനും വികസനത്തിൽ നിർണ്ണായകമായ പങ്കു വഹിക്കാൻ കഴിയും. ആദ്യത്തേത് പശ്ചാത്തല സൗകര്യവികസനത്തിനുള്ള മൂലധന നിക്ഷേപത്തിനാണ്. രണ്ടാമത്തേതാകട്ടെ, കൃഷിക്കാർക്കും സംരംഭകർക്കും ആവശ്യമുള്ള പ്രവർത്തനമൂലധനമടക്കം ലഭ്യമാക്കുന്നതിനുമാണ്. ഒരു ബദൽ ധനകാര്യനയമാണ് സംസ്ഥാന സർക്കാർ മുന്നോട്ടു വയ്ക്കുന്നത്. കിഫ്ബി വഴി 7000 കോടിരൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. 821 പ്രോജക്ടുകളിലായി 40100 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞു. ഇതിനു പുറമെ വ്യവസായ പാർക്കുകൾക്കും ഭൂമി ഏറ്റെടുക്കുന്നതിനും മറ്റും 20000 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 19100 കോടി രൂപയുടെ പ്രോജക്ടുകൾ ടെൻഡർ വിളിക്കുകയോ നിർവ്വഹണഘട്ടത്തിലേയ്ക്ക് പ്രവേശിക്കുകയോ ചെയ്തിട്ടുണ്ട്. 2021-22 ൽ 15000 കോടി രൂപയുടെയെങ്കിലും കിഫ്ബി പ്രോജക്ടുകൾ പൂർത്തീകരിക്കാനാകും. |

സെക്ഷൻ ഓഫീസർ